(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 12 കസ്റ്റഡി മരണങ്ങൾ സംഭവിച്ചു.

(ഡി) പ്രസ്തുത കസ്റ്റഡി മരണങ്ങൾ ഒന്നിലും പോലീസ് കുറ്റക്കാരാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിലെ ടൗൺ പോലീസ് കസ്റ്റഡിയിലിരിക്കെ മരിച്ച സമ്പത്തിന്റെ മരണം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണവും കണ്ണൂർ ജില്ലയിലെ തലശ്ശേരി പോലീസ് കസ്റ്റഡിയിലിരിക്കെ മരിച്ച നാസറിന്റെ മരണം സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണവും നടന്നുവരുന്നു.

(ഇ) ഈ കാലയളവിൽ സംസ്ഥാനത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ 183 പേർ മരിച്ചു. (തിരുവനന്തപുരം സിറ്റി-69,തിരുവനന്തപുരം റൂറൽ-03, കൊല്ലം-11,പത്തനംതിട്ട-08, ആലപ്പുഴ-01, കോട്ടയം-04, തൃശ്ശൂർ- 22, മലപ്പുറം-02, കോഴിക്കോട് സിറ്റി -45, കോഴിക്കോട് റൂറൽ -01, കണ്ണൂർ-17)

താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന സംഘട്ടനം

30 (235) ശ്രീ. പി. ടി. എ. റഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 23-12-2010-ന് കോഴിക്കോട് പോലീസ് സൂപ്രണ്ടിന്റെ പരിധിയിൽപ്പെട്ട താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ കൂടത്തായി എന്ന സ്ഥലത്ത് കോഴിക്കോട് സിറ്റി കമ്മീഷണറുടെ കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാരും നാട്ടുകാരും തമ്മിൽ സംഘട്ടനമുണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഘട്ടനത്തിൽ കോഴിക്കോട് എ.ആർ. ക്യാമ്പിൽനിന്നും സസ്പെൻഷനിലായ ഒരു പോലീസുകാരനുണ്ടായിരുന്നോ എന്നു വ്യക്തമാക്കുമോ ;

(സി) സസ്പെൻഷനിലായ പോലീസുകാരനുൾപ്പെടെ നാട്ടുകാരുമായി സംഘർഷമുണ്ടായതിന്റെ പിന്നിലെ ഗൂഢാലോചന അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) പോലീസുകാർ വന്നത് സ്വകാര്യവാഹനങ്ങളിലായിരുന്നു എന്നത് കണ്ടെത്തിയിട്ടുണ്ടോ ; ഈ സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോടഞ്ചേരി പോലീസ് സ്റ്റേഷൻ പരിധിയായ കൂടത്തായി-വയലോരം എന്ന സ്ഥലത്ത് വച്ച് കോഴിക്കോട് സിറ്റി കമ്മീഷണറുടെ കീഴിലുള്ള പോലീസുദ്യോഗസ്ഥർ കുഴൽ പണം കടത്തുകയായിരുന്ന പ്രതികളെ പിന്തുടർന്ന് പരിശോധിക്കുവാൻ ശ്രമിച്ചപ്പോൾ പോലീസ് പാർട്ടിയെ ആക്രമിച്ച് പരിക്കേൽപ്പിച്ച് പണം കവർച്ച ചെയ്തുകൊണ്ടുപോയ സംഭവത്തിന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇക്കാര്യത്തിൽ നാട്ടുകാരുമായി പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സസ്പെൻഷനിലുള്ള പോലീസുകാരൻ സംഭവത്തിലുൾപ്പെട്ടതായി അറിവായിട്ടില്ല.

(സി) സംഭവത്തിനു പിന്നിൽ ഗൂഢാലോചനയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംഭവത്തിൽ കേസന്വേഷണം നടന്നുവരികയാണ്.

മാധ്യമപ്രവർത്തകരെ ആക്രമിച്ചത് സംബന്ധിച്ച കേസുകൾ

31(236) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്ത് മാധ്യമ പ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത് ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര സംഭവങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു എന്ന വിവരം നൽകുമോ ;

(സി) പ്രസ്തുത കാലയളവിൽ മാധ്യമപ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ ജില്ലാതല വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സംസ്ഥാനത്ത് നടന്ന ലാത്തിച്ചാർജ്ജുകൾ

32(237) ശ്രീ. കെ. അച്ചുതൻ :

ശ്രീ വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര പോലീസ് ലാത്തിചാർജ്ജുകൾ നടന്നിട്ടുണ്ട് ;

(ബി) മുന്നറിയിപ്പ് നൽകാതെ നടത്തിയ ലാത്തിച്ചാർജ്ജുകൾ എത്രയെന്ന് അറിയിക്കുമോ ;

(സി) സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് നേരെ ഇക്കാലത്ത് എത്ര ലാത്തിചാർജ്ജുകൾ നടന്നിട്ടുണ്ട് ;

(ഡി) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ എത്ര പേർക്ക് പരിക്കേറ്റു ;

(ഇ) പ്രസ്തുത ലാത്തിച്ചാർജ്ജുകളെ തുടർന്ന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതിൽ പോലീസിന്റെ അതിക്രമം നടന്നതായുള്ള എത്ര കേസുകളിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly